


Vol.4, Issue:9 JUBILEE MISSION MEDICAL COLLEGE & RESEARCH INSTITUTE September - 2018

## Editorial
# കുരിശിന്റെ വിജയ യാത്ര.

സ്നേഹമുള്ള ജൂബിലി കുടുംബാംഗങ്ങളെ,

ഈ വരുന്ന പതിനാലാം തീയതി "കുരിശിന്റെ പുകഴ്ചാതിരുനാൾ" നാം ആഘോഷിക്കുകയാണ്. ആ പേരിൽ തന്നെ യുക്തിക്ക് നിരക്കാത്ത ഒരു വൈരുദ്ധ്യം ഒളിഞ്ഞിരിപ്പുണ്ട്. കാരണം സാധാരണയായി കുരിശ് തോൽവിയുടേയും അവഹേളനങ്ങളും പ്രതീകമാണ്. കുരിശ് പ്രതിനിധാനം ചെയ്യുന്നത് തടസ്സങ്ങളും പ്രതിബന്ധങ്ങളും ദുരിതങ്ങളുമാണ്.

പക്ഷേ പിന്നെ എങ്ങനെയാണ് കുരിശ് പുകഴ്ചക്ക് കാരണമാകുക? കുരിശ് വിജയത്തിന്റെ വെന്നിക്കൊടി ആയിത്തീരുന്നത് എങ്ങനെയാണ്?

വിശുദ്ധമായ നിലപാടുകളോടെ, മനസ്സോടെ, താൻ ഏറ്റെടുത്ത ദൗത്യത്തെ ഏറ്റവും കറയറ്റ രീതിയിൽ നിവർത്തിച്ചടുക്കുവാൻ ഒരുവന് സാധിച്ചപ്പോൾ അവൻറെ മുൻപിൽ കടന്നുവന്ന കുരിശു പുകഴ്ചയുടെ തെളിമയാർന്ന അടയാളമായി ചരിത്രത്തിൽ മുൻപിൽ നിവർന്നു നിന്നു.

അനുസ്യൂതം കടന്നുവന്ന പ്രതിബന്ധങ്ങളെയും ദുരിതങ്ങളെയും ഉദ്ദേശ്യശുദ്ധിയുടെ ഉറച്ച പടിക്കെട്ടുകളിലൂടെ തരണം ചെയ്യാനായി സാധിച്ചവന്റെ അനുഗ്രഹമാണ് കുരിശിനെ അഭിമാനസ്തംഭമായി ഉയർത്തിയത്.

അപമാനത്തിന്റെ അടയാളത്തിനെ അഭിമാനത്തിന്റെയും ഔന്നത്യത്തിന്റെയും ജീവസുറ്റ പ്രതീകമാകാൻ കെല്പുള്ളതായിരുന്നു അവന്റെ ജീവിത സാക്ഷ്യം.

സ്നേഹമുള്ളവരെ കുരിശിന്റെ പുകഴ്ച തിരുന്നാൾ നമുക്ക് തരുന്ന പരിപാവനമായ ദൗത്യം ഇതുതന്നെയാണ്. നമ്മുടെ ജീവിതത്തിലെ കറുത്ത അധ്യായങ്ങൾ മനോസ്ഥൈര്യത്തോടെയും അവധാനതയോടെയും നേരിട്ടുകൊണ്ട് അവയെ വിജയത്തിന്റെ നാഴികക്കല്ലുകൾ ആക്കാനുള്ള ദൗത്യം.

ഈ ദൗത്യം ഏറ്റെടുക്കാം, സർവേശ്വരൻ നമ്മെ അതിനായി ശക്തിപ്പെടുത്തട്ടെ, അനുഗ്രഹിക്കട്ടെ...

**ഫാ. സിജോ ചെറുവത്തൂർ**
**എഡിറ്റർ**



# ഹെൽത്ത് കെയർ ഹാൻഡ്ബുക്ക് പ്രകാശനം ചെയ്തു.

ആശുപത്രിയുടെ ക്വാളിറ്റി ആന്റ് ഇൻഫക്ഷൻ കൺട്രോൾ ടീം, ഹെൽത്ത് കെയർ വർക്കേഴ്സിനായി ഹാൻഡ് ബുക്ക് പ്രകാശനം ചെയ്തു. മാറിവരുന്ന പരിതസ്ഥിതി വ്യതിയാനങ്ങളിലും, ജീവിതസാഹചര്യങ്ങളിലും എങ്ങനെ പൂർണ്ണ ആരോഗ്യത്തോടെ ഇരിക്കാം, എങ്ങനെ രോഗങ്ങളെ മുൻകൂട്ടി തിരിച്ചറിഞ്ഞ് ഒഴിവാക്കാം എന്ന് ഉറ്റുനോക്കി കൊണ്ടിരിക്കുകയാണ് ലോകജനത. ഈ സാഹചര്യത്തിൽ ചികിത്സാ നിലവാരം ഉയർത്തുന്നതിനായി വിവിധ മെഡിക്കൽ എമർജൻസികളിൽ പാലിക്കേണ്ട ഇൻഫെക്ഷൻ കൺട്രോൾ തത്വങ്ങളെ കുറിച്ച് സ്റ്റാഫുകളുടെ അറിവ് പരിപോഷിപ്പിക്കുക എന്നതാണ് ഈ ഹാൻഡ് ബുക്കിന്റെ ലക്ഷ്യം. ആശുപത്രിയുടേയും, ആശുപത്രി ജീവനക്കാരുടേയും രോഗികളുടേയും പൂർണ്ണസുരക്ഷിതത്വത്തിനും, ചികിത്സയിൽ ഉന്നത നിലവാരം ഉറപ്പാക്കുന്നതിനുമായി ഇൻഫെക്ഷൻ കൺട്രോൾ ടീമിനേയും, ക്വാളിറ്റി ടീമിനേയും, മെഡിക്കൽ അഡ്മിനിസ്ട്രേറ്റീവ് ടീമിനേയും അറിയിക്കേണ്ട ഇൻസിഡന്റുകളും, പാലിക്കേണ്ട പ്രൊസീജ്യറുകളുമാണ് ഈ ബുക്കിൽ പ്രതിപാദിച്ചിരിക്കുന്നത്. ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് ഹാൻഡ് ബുക്ക് നേഴ്സിങ്ങ് സൂപ്രണ്ട് സി. ഫിലോ പോളിന് കൈമാറിക്കൊണ്ട് പ്രകാശനം ചെയ്തു. അസി. ഡയറക്ടർ ഫാ. ടിജോ മുള്ളക്കര, ഇൻഫക്ഷൻ കൺട്രോൾ കൺവീനർ ഡോ. ചിത്ര വത്സൻ, ചീഫ് ഓഫ് മെഡിക്കൽ സർവ്വീസസ് ഡോ. അലക്സ് ജോസഫ്, ഇൻഫക്ഷൻ കൺട്രോൾ നേഴ്സുമാർ, ലിങ്ക് നേഴ്സുമാർ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.



# നവജാത ശിശുവിഭാഗം
## ശില്പശാല സംഘടിപ്പിച്ചു.

ഇന്ത്യൻ അസോസിയേഷൻ ഓഫ് പീഡിയാട്രിക്സ് കേരള ചാപ്റ്റർ, നാഷണൽ നിയോനേറ്റോളജി ഫോറം, ജൂബിലി മിഷൻ ആശുപത്രിയുടെ പീഡിയാട്രിക്സ് ആന്റ് നിയോനേറ്റോളജി ഡിപ്പാർട്ട്മെന്റ് എന്നിവയുടെ നേതൃത്വത്തിൽ ശില്പശാല നടത്തി. മുലയൂട്ടുന്നതിന്റെ ആവശ്യകതയും, കുഞ്ഞുങ്ങളുടെ ആരോഗ്യവും എന്ന വിഷയത്തെ ആസ്പദമാക്കി ജൂബിലി മിഷൻ ആശുപത്രിയിൽ ശില്പശാല സംഘടിപ്പിച്ചു. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, എറണാകുളം ജില്ലകളിൽ നിന്നും നേഴ്സുമാർ ശില്പശാലയിൽ പങ്കെടുത്തു. തൃശ്ശൂർ ഡി.എം.ഒ. ഡോ. ബിന്ദു തോമസ് ഉദ്ഘാടനം ചെയ്ത പരിപാടിയിൽ പൊതുസ്ഥലങ്ങൾ, ആശുപത്രികൾ, ഓഫീസുകൾ തുടങ്ങിയവയിൽ ബ്രസ്റ്റ് ഫീഡിങ്ങ് കോർണേഴ്സ് ആരംഭിക്കേണ്ടതിന്റെ ആവശ്യം ഉന്നയിച്ചു. ബ്രസ്റ്റ് ഫീഡിങ്ങിന്റെ ആവശ്യകതയെകുറിച്ച് പൊതുജനങ്ങളിൽ അവബോധം ഉണ്ടാക്കേണ്ട ആവശ്യകതയും വ്യക്തമാക്കി. ജൂബിലി മിഷൻ ആശുപത്രിയുടെ ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് അധ്യക്ഷനായിരുന്നു, മെഡിക്കൽ സൂപ്രണ്ട് ഡോ. സി. വി. ആൻഡ്രൂസ് ആശംസകളർപ്പിച്ചു. ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സിന്റെ തൃശ്ശൂർ ബ്രാഞ്ച് പ്രസിഡണ്ട് ഡോ. മനോജ് വി. സി, നാഷണൽ നിയോനേറ്റൽ ഫോറത്തിന്റെ തൃശ്ശൂർ ബ്രാഞ്ച് പ്രസിഡണ്ട് ഡോ. മുരളിരാജ് എൻ. എന്നിവർ ഉദ്ഘാടന ചടങ്ങിൽ സന്നിഹിതരായിരുന്നു. ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സിന്റെ തൃശ്ശൂർ ബ്രാഞ്ച് സെക്രട്ടറി ഡോ. രാജഗോപാലൻ കെ. നന്ദി പ്രകടിപ്പിച്ചു.

# ജൂബിലി ഫാർമസി



ആരോഗ്യമേഖലയിലെ മരുന്നുകളുടെ സുരക്ഷിതമായ വിതരണത്തിൽ ഫാർമസിസ്റ്റുകളുടെ പങ്ക് ഏറെ പ്രശംസ അർഹിക്കുന്നു. സി.സി.എൻ.സി.-യുടെ വൈസ് പ്രസിഡണ്ട് ട്രോയ് ട്രൈഗ്സ്റ്റെഡ്-ന്റെ അഭിപ്രായത്തിൽ -ഫാർമസിസ്റ്റ് എന്നാൽ മരുന്ന് സുരക്ഷിതമായി വിതരണം ചെയ്യുവാനുള്ള പ്രതിരോധത്തിന്റെ അവസാന വരിയും, അവസരങ്ങളുടെ ആദ്യവരിയുമാണ്.

സെപ്റ്റംബർ 25-ാം തിയ്യതി ഫാർമസിസ്റ്റ് ദിനമായി ആചരിക്കുന്നു. ജൂബിലി മിഷൻ മെഡിക്കൽ കോളേജിന്റെ ആരംഭത്തിൽതന്നെ, ആശുപത്രിയുടെ പ്രധാന ഭാഗമായ ഫാർമസി ഇന്ന് ഒരു ഫാർമസി സ്റ്റോറും, പതിനൊന്ന് ഫാർമസികളും, ഒരു പ്രാഥമിക ആരോഗ്യകേന്ദ്രവുമായി വളർന്നിരിക്കുന്നു. സിസ്റ്റർ ഫ്രാൻസി എഫ്.സി.സി.-യുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഫാർമസി കുടുംബത്തിൽ 150 സ്റ്റാഫുകൾ സേവനമനുഷ്ഠിക്കുന്നു. തുടർവിദ്യഭ്യാസത്തിന്റെ ഭാഗമായി ഇൻചാർജ്ജിന്റെ നേതൃത്വത്തിൽ എല്ലാ ശനിയാഴ്ച്ചയും ഫാർമസിയുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ച് ക്ലാസ്സുകൾ സംഘടിപ്പിക്കാറുണ്ട്. എൻ.എ. ബി.എച്ച്. പ്രകാരമുള്ള സ്റ്റോറേജ് കണ്ടീഷൻസും, ടെമ്പറേച്ചർ മെയിന്റനൻസും ഞങ്ങൾ പാലിക്കുന്നു. ഇതനുസരിച്ച് ആൽഫബെറ്റിക്കൽ ഓർഡറിലും, കളർ കോഡഡ് ട്രേകളുപയോഗിച്ചും ഫാർമസി ക്രമപ്പെടുത്തിയിരിക്കുന്നു. ലുക്ക് എലൈക്ക്, സൗണ്ട് എലൈക്ക് മരുന്നുകൾ വേർതിരിച്ച് സൂക്ഷിച്ചിരിക്കുന്നു. ചീഫ് ഫാർമസിസ്റ്റിന്റെ നേതൃത്വത്തിൽ നാർക്കോട്ടിക്ക് മരുന്നുകൾ ഡബിൾ ലോക്ക് സേഫിൽ സൂക്ഷിച്ച് വളരെ ശ്രദ്ധയോടുകൂടി കൈകാര്യം ചെയ്തു വരുന്നു.

മൂന്നുമാസം കൂടുംതോറും ഫാർമസിയിൽ സ്റ്റോക്ക് ക്ലിയറൻസ് നടത്താറുണ്ട്. അതുകൊണ്ടുതന്നെ മരുന്നുകളുടെ എക്സ്പയറിയോ, ഷോർട്ടുകളോ ഇല്ല എന്നത് അഭിമാനകരമാണ്. 2018 ഫാർമസി ദിനാചരണത്തോടനുബന്ധിച്ച് പ്രളയബാധിതർക്ക് ഒരു ലക്ഷം രൂപയുടെ ധനസഹായം നൽകാൻ സാധിച്ചു. കഴിഞ്ഞ ഫാർമസി ദിനത്തിൽ ഡയാലിസിസ് രോഗികൾക്ക് അറുപതിനായിരം രൂപയും, കഴിഞ്ഞ ക്രിസ്തുമസ് ദിനത്തിൽ ജൂബിലി ഓൺ സ്ട്രീറ്റ് പദ്ധതിയിലെ നിർധനർക്ക് ക്രിസ്തുമസ് സമ്മാനങ്ങളും നൽകാൻ സാധിച്ചു. സർവ്വേശ്വരന്റെ അനുഗ്രഹത്താൽ ഫാർമസി വളരെ നന്നായി പ്രവർത്തിച്ചുവരുന്നു.

പള്ളിക്കുന്ന് അസംപ്ഷൻ പള്ളിയിൽ പ്രൊഫഷണൽ സി. എൽ. സി. യുടെ ആഭിമുഖ്യത്തിൽ ജൂബിലി ആയുർവ്വേദ മിഷനാശുപത്രി ക്യാമ്പ് നടത്തി. 165 പേർ ക്യാമ്പിൽ ചികിത്സ തേടി.

തൃശൂർ ലയൺസ് ക്ലബിന്റെ ആഭിമുഖ്യത്തിൽ പുല്ലഴി സെന്റ് ജോസഫ് അനാഥാലയത്തിൽ വെച്ച് നേത്രരോഗ നിർണ്ണയ ക്യാമ്പ് നടന്നു. ജൂബിലി മിഷനാശുപത്രിയുടെ നേത്രരോഗ വിഭാഗമാണ് ക്യാമ്പിൽ സേവനം നൽകിയത്.



ചേർപ്പ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ ചേർപ്പ് പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വച്ച് മെഗാ ക്യാമ്പ് നടന്നു. ജൂബിലി മിഷനാശുപത്രിയുടെ ജനറൽ മെഡിസിൻ, ജനറൽ സർജറി, നേത്രരോഗ വിഭാഗം എന്നിവയുടെ ക്യാമ്പാണ് നടന്നത്. 329 പേർ ക്യാമ്പിൽ പങ്കെടുത്തു.



ജോഗേഴ്സ് ക്ലബ്ബ്, തോപ്പ് സ്റ്റേഡിയത്തിൽ
രക്ത നിർണ്ണയ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു.
ജൂബിലിയിലെ ജനറൽ മെഡിസിൻ,
ലാബ് വിഭാഗങ്ങൾ
64 രോഗികളെ ക്യാമ്പിൽ പരിശോധിച്ചു.

## കാബേജ് മഞ്ചൂരിയൻ

### ചേരുവകൾ

1. കാബേജ് (ഗ്രേറ്റ് ചെയ്തത്) - 2 കപ്പ്
2. ഗരം മസാല - 1/2 ടീസ്പൂൺ
3. മുളക് പൊടി - 1 ടീസ്പൂൺ
4. ഉപ്പ് - ആവശ്യത്തിന്
5. ഇഞ്ചിയും വെളുത്തുള്ളിയും ചതച്ച് അരച്ചത്- 1 ടീസ്പൂൺ
6. കോൺഫ്ളോർ - 4 ടേബിൾ സ്പൂൺ
7. മൈദ - 4 ടേബിൾ സ്പൂൺ
8. മല്ലിയില - ആവശ്യത്തിന്
9. സവാള ചെറുതായി അരിഞ്ഞത് - 1 ടേബിൾ സ്പൂൺ
10. പച്ചമുളക് അരിഞ്ഞത് - 1 ടീസ്പൂൺ
11. കാപ്സിക്കം ചെറുതായി അരിഞ്ഞത് - 1 ടേബിൾ സ്പൂൺ
12. വെളുത്തുള്ളി അരിഞ്ഞത് - 1 ടീസ്പൂൺ
13. റെഡ് ചില്ലി സോസ് - 1 ടീസ്പൂൺ
14. സോയ് സോസ് - 1 ടീസ്പൂൺ
15. ടുമാറ്റോ സോസ് - 1 ടീസ്പൂൺ
16. കുരുമുളക്പൊടി - 1/2 ടീസ്പൂൺ
17. വെള്ളം - ആവശ്യത്തിന്

## അഭിനന്ദനങ്ങൾ...



അസോസിയേഷൻ ഓഫ് ഫിസിഷ്യൻ ഓഫ് ഇന്ത്യയുടെ സംസ്ഥാന കോൺഫ്രെൻസിൽ വച്ച് നടത്തിയ പോസ്റ്റർ പ്രസന്റേഷൻ മത്സരത്തിൽ **ഡോ. നദീം റഹ്മാൻ** (ജനറൽ മെഡിസിൻ പി. ജി. വിദ്യാർത്ഥി) ഒന്നാം സ്ഥാനം നേടി.

### *തയ്യാറാക്കുന്ന വിധം*

1 മുതൽ 5 വരെയുള്ള ചേരുവകൾ നന്നായി മിക്സ് ചെയ്യുക. 4 ടേബിൾ സ്പൂൺ വീതം മൈദയും കോൺഫ്ളോറും ഈ മിശ്രിതത്തിലേക്ക് ചേർത്ത് ഉരുളകളാക്കാൻ പാകത്തിലാക്കുക. കാബേജിന്റെ ഈ മിശ്രിതം ചെറിയ ഉരുകളാക്കി മാറ്റിവെയ്ക്കുക. ഒരു പാനിൽ എണ്ണ ഒഴിച്ച് ചെറിയ തീയിൽ ചൂടാക്കാൻ വയ്ക്കുക. ഇതിലെ എണ്ണ ചൂടാവുമ്പോൾ അതിലേക്ക് ഉരുളകളിട്ട് വറുത്തെടുക്കുക. മറ്റൊരു പാനിൽ 2 ടേബിൾ സ്പൂൺ എണ്ണ ഒഴിച്ച് ചൂടാകുമ്പോൾ അതിലേക്ക് 8 മുതൽ 12 വരെയുള്ള ചേരുവകൾ ചേർത്ത് ഇളക്കുക. പാകമാകുമ്പോൾ 3 സോസുകളും കുരുമുളക് പൊടിയും ചേർത്ത് മിക്സ് ചെയ്യുക. ഒരു മിനിറ്റ് ചൂടാക്കി അതിലേക്ക് അൽപ്പം വെള്ളം ഒഴിച്ച് കുറുക്കുക. വറുത്ത് വച്ചിരിക്കുന്ന കാബേജ് ബോളുകൾ ഇതിലേക്ക് ചേർത്ത് യോജിപ്പിക്കുക. അൽപം മല്ലിയില വിതറി വിളമ്പാം.

**ഡയറ്ററി & ന്യൂട്രീഷൻ വിഭാഗം**

## ജേർണൽ ക്ലബ്ബ്

ജൂബിലി സെന്റർ ഫോർ മെഡിക്കൽ റിസേർച്ചിന്റെ ആഭിമുഖ്യത്തിലുള്ള മുപ്പത്തൊന്നാമത് ജേർണൽ ക്ലബ്ബ് മീറ്റിങ്ങ് ന്യൂ സി.സി.എം. ഹാളിൽ നടന്നു. ജനറൽ മെഡിസിൻ വിഭാഗത്തിൽ നിന്നുള്ള അസോസിയേറ്റ് പ്രൊഫസർ ഡോ. അനിൽകുമാർ സി. ആർ. ആണ് പ്രബന്ധം അവതരിപ്പിച്ചത്. ROUXEN-Y GASTRIC BYPASS എന്ന ആധുനിക രീതി അവലംബിച്ച് അമിതഭാരം ഫലപ്രദമായി കുറയ്ക്കുന്നതിനെക്കുറിച്ചായിരുന്നു പഠനം. തുടർന്നുള്ള ചർച്ചയിൽ പ്രിൻസിപ്പാൾ ഡോ. പ്രവീൺലാൽ കുറ്റിച്ചിറ, ഡോ. ആൻഡ്രൂസ് കാക്കനാട്ട്, ഡോ. ഗിരീഷ് (സൈക്യാട്രി) എന്നിവർ പങ്കെടുത്തു.

### Welcome to Jubilee Family

| Sl. No. | Name | Department |
|---|---|---|
| 1 | Dr. KANJOOR DEEPTHI DAMODARAN NAIR | JR RESIDENT, Obstetrics & Gynaecology |
| 2 | Dr. ARUNA VARGHESE | JR RESIDENT, Medicine |
| 3 | Dr. JOBIN P | FELLOWSHIP STUDENT, Anaesthesia |
| 4 | Dr. LIJO JOY | JR RESIDENT, Emergency Medicine |
| 5 | Dr. NAVIN VINCENT | JR RESIDENT, Emergency Medicine |
| 6 | Dr. CECIL MARIA JOSE | JR RESIDENT, Emergency Medicine |
| 7 | Dr. BOBBIN JOHN MANJURAN | SENIOR RESIDENT, ENT |
| 8 | Dr. SHABNA UMMER | SENIOR RESIDENT, Anaesthesia |
| 9 | AKHILA JOSEPH | STAFF NURSE |
| 10 | ANCY T J | STAFF NURSE |
| 11 | NEETHUMOL N J | STAFF NURSE |
| 12 | FEMI FRANCIS K | STAFF NURSE |
| 13 | NEETHU GEORGE | STAFF NURSE |
| 14 | GINU MARIA GEORGE | STAFF NURSE |





# പ്രളയദുരിതത്തിൽ കൈത്താങ്ങായി ജൂബിലി

കേരളജനതയെ ദുരിതത്തിലാഴ്ത്തിയ പ്രളയത്തിൽ ആശ്വാസവുമായി ജൂബിലി മിഷനാശുപത്രിയും. രോഗപ്രതിരോധമരുന്നുകളുടെ വിതരണം, മറ്റ് അസുഖങ്ങൾ ബാധിച്ചവർക്കുള്ള മരുന്നുകളുടെ വിതരണം, ഡോക്ടർമാരുടെയും, നേഴ്സുമാരുടേയും സന്നദ്ധപ്രവർത്തകരുടെയും സേവനം എന്നിവയിലൂടെയാണ് ജൂബിലി മിഷനാശുപത്രി കൈത്താങ്ങായത്.

രക്ഷാപ്രവർത്തനം നടന്ന സമയങ്ങളിൽ തൃശ്ശൂർ ജില്ലയിലെ പ്രളയത്തിൽ നിന്ന് രക്ഷിക്കപ്പെട്ടവരുടെ ക്യാമ്പുകളിലേക്ക് അവർക്കാവശ്യമായ വസ്ത്രങ്ങൾ, കുടിവെള്ളം, ഭക്ഷണം എന്നിവ ഹെലികോപ്ടർ വഴി എത്തിച്ചു കൊടുത്തും, ക്യാമ്പിലേക്കുള്ള സാധനങ്ങൾ വിതരണം ചെയ്യുന്ന കളക്ഷൻ പോയിന്റ് തുടങ്ങുവാനും ജൂബിലി നേതൃത്വം നൽകുകയുണ്ടായി. ആശുപത്രിയുടെ സ്റ്റാഫുമാർ, വിദ്യാർത്ഥികൾ, വിവിധ പള്ളികൾ എന്നിവരുടെ സംഭാവനകൾ പണമായും, സാധനങ്ങളായും, ജൂബിലിയിൽ ശേഖരിച്ച് തക്കസമയങ്ങളിൽ ക്യാമ്പുകളിൽ എത്തിച്ചു കൊടുക്കുകയും ചെയ്തു.

ക്യാമ്പുകളിൽ സന്നദ്ധ സേവനങ്ങൾ നടത്തിയത് കൂടാതെ ആശുപത്രിയിലും പ്രസ്തുത ദിവസങ്ങളിൽ ഉദാരമായ സേവനം നൽകുകയുണ്ടായി. ഒ.പി. സമയം കൂട്ടിയും, ഐ.സി.യു. കളിൽ  ബെഡ്ഡുകൾ കൂട്ടിയും, മാനസിക വൈകല്യമുള്ള രോഗികൾക്ക് പ്രത്യേക ചികിത്സകൾ നൽകിയും, പ്രളയത്തിൽപ്പെട്ട കുട്ടികൾക്ക് മാനസിക ഉല്ലാസം നൽകുന്ന പ്രവൃത്തികളിലൂടെ പിന്തുണ നൽകിയും പുനർജ്ജീവനപ്രവർത്തനങ്ങളും, സന്നദ്ധസ്റ്റാഫുകളിലൂടെ നൽകി. ആശുപത്രിയിലും പുറത്തും സേവനമനുഷ്ഠിക്കുവാൻ 52 വളണ്ടിയർമാരെയും ജൂബിലി സജ്ജമാക്കിയിരുന്നു.

പ്രളയത്തിൽ അകപ്പെട്ട ജൂബിലിയുടെ 374 ജീവനക്കാർക്ക് ഭക്ഷണവും താമസവും ആശുപത്രിയിൽ ഒരുക്കി. മറ്റ് ആശുപത്രികളിൽ നിന്നും മാറ്റപ്പെട്ട രോഗികൾക്കും, ബൈസ്റ്റാൻഡർമാർക്കും, പ്രളയം മൂലം രോഗബാധയുണ്ടായവർക്കും, പാമ്പുകടിയേറ്റു എത്തിയവർക്കും താമസവും, ഭക്ഷണവും, ഫാർമസിയിൽ നിന്ന് മരുന്നും ജൂബിലിയിൽ സൗജന്യമായി നൽകി.

പ്രവർത്തനങ്ങളുടെ നടത്തിപ്പിനായി കഠിനമായി പരിശ്രമിച്ച ഡോ. സുധ മുരളീധരൻ, ഡോ. നിമിഷ സോളമൻ, ഡോ. പല്ലവി പഞ്ചു എന്നിവരുടെ സേവനം സ്തുത്യർഹമാണ്. രണ്ടാഴ്ചകളിലായി നടത്തിയ ദുരിതാശ്വാസപ്രവർത്തനങ്ങളിൽ പലവിധത്തിലായി സഹകരിച്ച എല്ലാവർക്കും പ്രത്യേകിച്ച് രക്ഷാപ്രവർത്തന ടീമുകളെ നയിച്ച ഡോക്ടർമാർ, ഹൗസ് സർജ്ജന്മാർ, പി.ആർ.സി.കൾ, മെഡിക്കൽ വിദ്യാർത്ഥികൾ, മറ്റു വളണ്ടിയർമാർ എന്നിവർക്ക് ആശംസകൾ അർപ്പിക്കുന്നു.

പ്രളയരക്ഷാപ്രവർത്തനങ്ങളെല്ലാം ഏകോപിപ്പിച്ച് അക്ഷീണം പ്രയത്നിച്ച ശ്രീ. നോബിൾ തോമസിന് ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

സാഹോദര്യത്തോടെയും മനുഷ്യസ്നേഹത്തോടെയും തുടർന്നുള്ള ജൂബിലിയുടെ എല്ലാ പ്രവർത്തനങ്ങളും, എല്ലാവരുടെയും നന്മക്കായി നൽകുവാൻ നമുക്ക് സ്ഥിരതയോടെ പ്രയത്നിക്കാം.



# ആയുർവ്വേദം കാലാതീതം (29)



വർഷക്കാലത്ത് ജനങ്ങൾ ആയുർവ്വേദത്തിൽ ആശ്രയിക്കുന്ന ഒരു പ്രധാനപ്പെട്ട രോഗമാണ് രക്തവാതം. ചെറിയ സന്ധികളിൽ തുടങ്ങി വലിയ സന്ധികളിലേക്ക് വ്യാപിക്കുന്ന രോഗം അനേകം ജനങ്ങളെ ദുരിതത്തിലാഴ്ത്തിയിട്ടുണ്ട്. പുരുഷന്മാരെക്കാൾ സ്ത്രീകളെയാണ് ഈ രോഗം കൂടുതൽ ബാധിച്ചിട്ടുള്ളത്. മനസ്സുമായി ഏറ്റവും ബന്ധമുള്ള ഒരു രോഗമാണിത്. മാനസിക വിഷമങ്ങൾ ഒരുപാടു നാൾ സഹിച്ചുകഴിഞ്ഞാൽ അത് വാതരക്തത്തിൽ എത്തിച്ചേരാറുണ്ട്. രക്തവാതം ഉള്ള സ്ത്രീകളിൽ സ്ഥിരമായി കാണാറുള്ള ഒരു കാര്യം അവർ കുളി കഴിഞ്ഞാൽ മുടി ശരിക്കും തോർത്താറില്ല എന്നുള്ളതാണ്. എരിവ്, പുളി, ഉപ്പ് തുടങ്ങി രസങ്ങൾ അമിതമായി കഴിക്കുന്നത് ഈ രോഗത്തിന് ഒരു കാരണമായി ആയുർവ്വേദം അനുശാസിക്കുന്നുണ്ട്. ഈ രോഗം ബാധിച്ചവരിൽ ദഹനവ്യവസ്ഥയുടെ പ്രവർത്തനം മിക്കവാറും തകരാറിലായിരിക്കും. അതിനാൽ ശരീരത്തിന്റെ പ്രവർത്തനങ്ങൾ, വിശപ്പ് വർദ്ധിപ്പിക്കുന്ന രീതിയിലുള്ള മരുന്നുകളാണ് ആദ്യം നൽകുക. അതിനുശേഷം രക്തവാതത്തിന് മാത്രമായി പരാമർശിക്കുന്ന മരുന്നുകൾ. പലപ്പോഴും രോഗത്തിന്റെ ആദ്യ അവസ്ഥകളിൽ തൈലം  ഉപയോഗിക്കാറില്ല. നീരെല്ലാം വറ്റിയതിനുശേഷം മാത്രമാണ് എണ്ണകൾ ഉപയോഗിക്കാൻ പാടുള്ളൂ. വിവിധ തരത്തിലുള്ള കിഴികൾ, വസ്തി ചികിത്സ, ശിരോധാര, ഞവരക്കിഴി, ധാന്യാമ്ല ധാര തുടങ്ങി നിരവധി ചികിത്സകൾ ഈ രോഗത്തിനായി ചെയ്യാറുണ്ട്. വാതരക്തം കുറേക്കാലം സന്ധികളെ ബാധിച്ചാൽ സന്ധികൾ വളഞ്ഞുപോകാറുണ്ട്. രക്തവാതത്തോടൊപ്പം ചേർത്ത്  വായിക്കേണ്ട മറ്റൊരു രോഗമാണ് ആമവാതം. ഇത് സന്ധികളിൽ രോഗം വരുത്തുന്നതിനോടൊപ്പം പനിയും ഉണ്ടാക്കും. ചിലപ്പോൾ ഹൃദയവാൽവുകളെ വരെ ബാധിക്കാം. ഈ രോഗാവസ്ഥ ആയുർവ്വേദ ചികിത്സകൊണ്ട് പൂർണ്ണ മായും സൗഖ്യപ്പെടുത്താവുന്നതാണ്.

ഡോ. അനുമോദ് കാക്കശ്ശേരി (എം. ഡി. ആയുർവ്വേദം).
സീനിയർ കൺസൾട്ടന്റ്, ജൂബിലി ആയുർവ്വേദ

Editorial Board

Fr. Sijo Cheruvathoor | Fr. Tijo Joy | Dr. Benny Joseph | Dr. Aswath | Mr. Baby | Mr. Noble | Mr. Anto Twinkle
Ms. Suma Paul | Ms. Deepa Tom | Ms. Raki K. V. | Ms. Nicy Antony | Ms. Chippy | Ms. Greeshma | Ms. Dinu | Ms. Vineetha